# കേരള സർവകലാശാല

## ഒന്നാം വർഷ ബി.എഡ്. പ്രവേശനം 2020

### ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- പ്രോസ്പെക്ടസ് വിശദമായി വായിച്ചതിനു ശേഷം മാത്രം ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുക.
- ബി.എഡ്. പ്രവേശനത്തിന് ആവശ്യമായ എലിജിബിലിറ്റി ഉണ്ടോ എന്ന് മനസിലാക്കിയ ശേഷം മാത്രം രജിസ്ട്രേഷൻ ആരംഭിക്കുക. രജിസ്ട്രേഷൻ ഫീ അടച്ചു കഴിഞ്ഞാൽ പിന്നീട് തിരികെ ലഭിക്കുന്നതല്ല എന്ന കാര്യം ശ്രദ്ധിക്കുക.
- ബി.എഡ് അഡ്മിഷൻ ലഭിക്കുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ നിര്ബന്ധമാണ് എന്ന കാര്യം ശ്രദ്ധിക്കുക. (മെറിറ്റ്, കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെന്റ് ക്വാട്ട, സ്പോർട്സ് ക്വാട്ട, ടീച്ചർ ക്വാട്ട, ഡിസബിലിറ്റി തുടങ്ങിയ എല്ലാവർക്കും)
- ഓൺലൈൻ അപേക്ഷാ ഫോറത്തിലെ എല്ലാ വിവരങ്ങളും ശ്രദ്ധയോടെയും കൃത്യതയോടെയും പൂരിപ്പിക്കുക.
- രജിസ്ട്രേഷൻ നടപടികളിലെ ആദ്യ സ്റ്റെപ്പ് അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ജനറേറ്റ് ചെയ്യുക എന്നുള്ളതാണ്. ഇതിനായി https://admissions.keralauniversity.ac.in/ സൈറ്റിലെ B.Ed പേജ് എടുത്ത ശേഷം Click Here to Apply എന്നുള്ള ലിങ്ക് ക്ലിക്ക് ചെയ്യുക. ഇവിടെ അപേക്ഷാർത്ഥിയുടെ പേര്, ജനന തീയതി, യൂണിവേഴ്സിറ്റി, രജിസ്റ്റർ നമ്പർ, പാസ്സായ വർഷം, ലിംഗം, കാറ്റഗറി, ഇ മെയിൽ ഐ.ഡി., തുടങ്ങിയ വിവരങ്ങൾ നൽകുക. എസ്.എസ്.എൽ.സി യിലെ പോലെ തന്നെ പേര് ജനന തീയതി എന്നിവ നല്കാൻ ശ്രദ്ധിക്കുക. അപേക്ഷാർത്ഥിയുടെ ജാതി (എസ്.എസ്.എൽ.സി / ജാതി സർട്ടിഫിക്കറ്റ് പ്രകാരം) അടിസ്ഥാനപ്പെടുത്തി പ്രോസ്പെക്ടസിലെ SEBC /SC /ST ലിസ്റ്റുകൾ പരിശോധിച്ച് ഏതിൽ വരുന്നു എന്ന് വ്യക്തമായി മനസിലാക്കിയ ശേഷം മാത്രം കാറ്റഗറി സെലക്ട് ചെയ്യുക. റിസർവേഷന് അർഹതയില്ലാത്തവർ General Category സെലക്ട് ചെയ്യുക. കാറ്റഗറി തെറ്റായി നൽകിയാൽ അത് അഡ്മിഷനെ ബാധിക്കും എന്ന കാര്യം ശ്രദ്ധിക്കുക.

  ഇതിനു ശേഷം അപേക്ഷാ നമ്പർ, പാസ്സ്‌വേർഡ് എന്നിവ ലഭിക്കും. ജനന തീയതി (dd/mm/yyyy ഫോർമാറ്റിൽ) ആയിരിക്കും ഡിഫോൾട്ട് പാസ്സ്‌വേർഡ്.
- അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ജനറേറ്റ് ചെയ്തു കഴിഞ്ഞാൽ ഓൺലൈൻ അപേക്ഷാ ഫോറം പൂരിപ്പിക്കാനായി ലോഗിൻ ചെയ്യുക.

1. **രജിസ്ട്രേഷൻ ഫീ അടക്കുക**

രജിസ്ട്രേഷൻ ഫീസ് ഓൺലൈൻ ആയി മാത്രം അടക്കുക. (ഫീസ് വിവരങ്ങൾ പ്രോസ്പെക്ടസ് ഖണ്ഡിക 10.1 ൽ നൽകിയിട്ടുണ്ട്). ഇതിനായി ഇന്റർനെറ്റ് ബാങ്കിങ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ തുടങ്ങിയവ ഉപയോഗിക്കാം. ഫീസ് അടക്കുമ്പോൾ ട്രാൻസാക്ഷൻ എറർ എന്തെങ്കിലും ഉണ്ടാവുകയോ അക്കൗണ്ടിൽ നിന്ന് തുക പോയിട്ടും വീണ്ടും ഫീസ് അടക്കാനുള്ള നിർദ്ദേശം ലഭിക്കുകയോ ചെയ്താൽ സർവകലാശാല അഡ്മിഷൻ വിഭാഗവുമായി ഫോൺ/ഇ.മെയിൽ മുഖാന്തരം ബന്ധപ്പെട്ട് മറുപടി ലഭിച്ച ശേഷം മാത്രം വീണ്ടും ഓൺലൈൻ പേയ്മെന്റിനു ശ്രമിക്കുക. മൾട്ടിപ്പിൾ പേയ്മെന്റ് നടന്നാൽ തുക റീഫണ്ട് ചെയ്യാൻ കാലതാമസം നേരിടുന്നതാണ്.

## 2. വിദ്യാർഥിയുടെ പ്രൊഫൈൽ രജിസ്ട്രേഷൻ.

- കേരളീയനാണോ അല്ലയോ എന്നത് കൃത്യമായി നൽകുക. കേരളീയൻ അല്ലാത്തവർ സംവരണ ആനുകൂല്യങ്ങൾക്ക് അർഹർ ആയിരിക്കുന്നതല്ല. അതിനാൽ ഇത് ശ്രദ്ധയോടെ മാത്രം നൽകുക.
- ഇ.ഡബ്ല്യൂ.എസ് (എക്കണോമിക്കലി വീക്കർ സെക്ഷൻ) മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള സംവരണം ആണ്. വില്ലേജ് ഓഫീസർ നൽകുന്ന സാക്ഷ്യപത്രമാണ് ഈ സംവരണം ലഭിക്കാൻ ആവശ്യമായ രേഖ. ബി.പി.എൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവ ഇതിനായി പരിഗണിക്കുന്നതല്ല.
- പ്രോസ്പെക്ടസിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ജാതി ലിസ്റ്റ് പരിശോധിച്ച ശേഷം മാത്രം ഒ.ഇ.സി. മുതലായ ജാതികൾ രേഖപ്പെടുത്തുക. അനുബന്ധം V ൽ വരുന്ന ജാതികൾ മാത്രമേ ഒ.ഇ.സി. ലിസ്റ്റിൽ വരുന്നുള്ളൂ. അനുബന്ധം V.A ൽ വരുന്ന ജാതിയിൽ ഉൾപ്പെടുന്നവർ ഒ.ഇ.സി. ഫീസ് ആനുകൂല്യങ്ങൾക്ക് മാത്രമാണ് അർഹർ.
- ക്രീമിലെയർ സ്റ്റാറ്റസ് ശ്രദ്ധയോടെ മാത്രം നൽകുക. എസ്.ഇ.ബി.സി. സംവരണത്തിന് അർഹരായവർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് കൈവശം കരുതേണ്ടതാണ്.
- എസ്.സി./ എസ്.ടി./ ഒ.ഇ.സി. മുതലായ സംവരണങ്ങൾക്കും ഒ.ഇ.സി. ഫീസ് ആനുകൂല്യങ്ങൾക്കും അർഹരായവർ അത് തെളിയിക്കാൻ ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതാണ്. (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിവരങ്ങൾക്കായി പ്രോസ്പെക്ടസ് കാണുക)
- Differenty Abled - ഭിന്നശേഷി ഉള്ളവർക്കായുള്ള സീറ്റിന് അപേക്ഷിക്കുന്നവർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് (കാലാവധി 5 വർഷം) / സർക്കാർ സാമൂഹ്യ ക്ഷേമ വകുപ്പിന്റെ രേഖ എന്നിവ കൈവശം സൂക്ഷിക്കണം. (പ്രോസ്പെക്ടസ് കാണുക).
- NSS, NCC, മുതലായ വെയിറ്റേജ് മാർക്കിന് അർഹരായവർ ബന്ധപ്പെട്ട കോളങ്ങൾ ശ്രദ്ധയോടെ പൂരിപ്പിക്കുക.
- ഓൺലൈൻ അപേക്ഷയിൽ നൽകുന്ന മൊബൈൽ നമ്പർ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ മാറ്റരുത്. പ്രവേശനത്തെ സംബന്ധിച്ച മെസ്സേജുകൾ ഈ നമ്പറിലേക്കാണ് അയക്കുന്നത്. ഇ.മെയിൽ ഐ.ഡി, മൊബൈൽ നമ്പർ എന്നിവ വിദ്യാർത്ഥിയുടെയോ രക്ഷകർത്താവിന്റെയോ മാത്രം നൽകുക. കമ്പ്യൂട്ടർ സെന്റർ മുതലായവയുടെ നമ്പറോ ഇ. മെയിൽ ഐ.ഡിയോ ഒരു കാരണവശാലും നൽകരുത്. കമ്പ്യൂട്ടർ സെന്ററുകൾ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

## 3. അക്കാഡമിക് പ്രൊഫൈൽ രജിസ്ട്രേഷൻ.

യോഗ്യതാ പരീക്ഷയുടെ വിവരങ്ങൾ നൽകുക. അക്കാഡമിക് വിവരങ്ങൾ ശ്രദ്ധയോടെ മാത്രം നൽകുക. തെറ്റ് സംഭവിച്ചാൽ അഡ്മിഷനെ ബാധിക്കും. ഒന്നിൽ കൂടുതൽ ചാൻസുകളിൽ യോഗ്യത പരീക്ഷ പാസായവർ കൃത്യമായ വിവരം നൽകണം. യോഗ്യതാ പരീക്ഷ പാസ്സാവാൻ എടുക്കുന്ന ഓരോ അധിക ചാൻസിനും ഇൻഡക്സ് മാർക്കിൽ നിന്ന് നിശ്ചിത മാർക്ക് കുറവു ചെയ്യുന്നതാണ്. (പ്രോസ്പെക്ടസ് ഖണ്ഡിക 9 കാണുക).

## 4. ഫോട്ടോ, ഒപ്പ് എന്നിവ അപ് ലോഡ് ചെയ്യുക.

ഫോട്ടോ, ഒപ്പ് എന്നിവ അപ് ലോഡ് ചെയ്യുമ്പോൾ നിശ്ചിത ഫോർമാറ്റിലും വലിപ്പത്തിലും ഉള്ളത് മാത്രം ചെയ്യാൻ ശ്രദ്ധിക്കുക. [Photo with 150px X 200px (WIDTH X HEIGHT), maximum 40kb, .jpg format only]. Signature with 150px X 60px (WIDTH X HEIGHT), maximum 40kb, .jpg format only]

5. **ഓപ്ഷനുകൾ നൽകുക.**

വിദ്യാർഥികൾക്ക് താല്പര്യമുള്ള കോളേജുകളും കോഴ്സുകളും മാത്രം നൽകുക. ഓപ്ഷനുകൾ മുൻകൂട്ടി ധാരണയുണ്ടാക്കി ലിസ്റ്റ് ചെയ്തു വയ്ക്കുന്നത് നന്നായിരിക്കും.

6. **ആപ്ലിക്കേഷൻ വെരിഫൈ ചെയ്യുക.**

നൽകിയ വിവരങ്ങൾ എല്ലാം തന്നെ ശ്രദ്ധയോടു കൂടി വായിക്കുക. നിശ്ചിത വിവരങ്ങളിൽ തിരുത്തൽ വരുത്താവുന്നതാണ്.

7. **പ്രിന്റൗട്ട് എടുക്കുക.**

രജിസ്ട്രേഷൻ പൂർത്തിയായാൽ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഇതോടു കൂടി മാത്രമേ അപേക്ഷ സമർപ്പണം പൂർത്തിയാവുകയുള്ളൂ എന്ന കാര്യം ശ്രദ്ധിക്കുക.

- രജിസ്ട്രേഷൻ കാലയളവ് പൂർത്തിയാവുന്നതിനുള്ളിൽ അപേക്ഷാർത്ഥിയുടെ അറിവോ സമ്മതമോ കൂടാതെ മറ്റാരെങ്കിലും പ്രൊഫൈലിലെ വിവരങ്ങളിൽ മാറ്റം വരുത്താതിരിക്കാൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയാൽ ഉടനെ തന്നെ പ്രൊഫൈൽ ലോഗിൻ ചെയ്ത് പാസ്സ്‌വേർഡ് മാറ്റം വരുത്താൻ ശ്രദ്ധിക്കുക. അഡ്മിഷൻ നടപടികൾ പൂർത്തിയാകുന്നത് വരെ അപേക്ഷാ നമ്പറും പാസ്സ്‌വേർഡും ആവശ്യമായതിനാൽ ഇവ ഓർത്തിരിക്കേണ്ടതാണ്.
- തിരുത്തലുകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അപേക്ഷ സമർപ്പിച്ച കഴിഞ്ഞ് പ്രൊഫൈലിലെ Completed Profile ലിങ്ക് ക്ലിക്ക് ചെയ്ത് നൽകിയ വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്നതിനു മുൻപ് ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതിയ പ്രിന്റൗട്ട് എടുത്ത് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. പ്രൊഫൈലിൽ എന്ത് മാറ്റം വരുത്തിയാലും അപേക്ഷയുടെ ഏറ്റവും പുതിയ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.
- ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവ്വകലാശാലയിലേക്ക് അയക്കേണ്ടതില്ല. ആയത് പ്രവേശന സമയത്ത് കോളേജിൽ ഹാജരാക്കിയാൽ മതിയാകും.
- വിദ്യാഭ്യാസ യോഗ്യത, സംവരണം, ഗ്രേസ് മാർക്കുകൾ മുതലായവയ്ക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ അപേക്ഷിക്കുന്ന സമയം തന്നെ കയ്യിൽ കരുതേണ്ടതാണ് (ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകളുടെ വിശദ വിവരം പ്രോസ്പെക്ടസിൽ നൽകിയിട്ടുണ്ട്). പ്രവേശനം ലഭിച്ചാൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ കൂടുതൽ സമയം യാതൊരു കാരണവശാലും അനുവദിക്കുന്നതല്ല.
- എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ അപേക്ഷിക്കുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം പ്രിന്റൗട്ടുമായി കോളേജിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. ഇപ്രകാരം നേരിട്ട് ലഭിച്ച അപേക്ഷകളിൽ നിന്നും കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് മെറിറ്റ് അടിസ്ഥാനമാക്കി അതാത് കോളേജുകളിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. എയ്ഡഡ്/ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ മാനേജ്മെന്റ് ക്വാട്ടയിൽ അപേക്ഷിക്കുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയ ശേഷം പ്രിന്റൗട്ടുമായി കോളേജിനെ സമീപിക്കേണ്ടതാണ്. കമ്മ്യൂണിറ്റി ക്വാട്ട, മാനേജ്മെന്റ് ക്വാട്ട എന്നിവയിലെ അഡ്മിഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക് പ്രോസ്പെക്ടസ് കാണുക.
- ഓൺലൈൻ അഡ്മിഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് **bedadmission@keralauniversity.ac.in** എന്ന ഇ.മെയിൽ ഐഡിയിൽ ബന്ധപ്പെടുക.